(സി) ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥിര നിക്ഷേപം സമയബന്ധിതമായി തിരിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് ട്രഷറി നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രത്യേക അനുമതി നൽകി വരുന്നുണ്ട്.

നൂറനാട്ട് 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് നടപടി

29 (1082) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട്ട് പ്രവർത്തിക്കുന്ന 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് ബഡ്ജറ്റിൽ പ്രൊപ്പോസൽ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട്ട് സബ് ട്രഷറി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിലുള്ള 'വൺമാൻ ട്രഷറി' സബ് ട്രഷറിയായി ഉയർത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രൊപ്പോസൽ ഇല്ല.

(ബി & സി) പുതിയ ട്രഷറികളിൽ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഭാഗ്യക്കുറി വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി

30 (1083) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ തസ്തിക വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഭാഗ്യക്കുറി വകുപ്പിന് ഡയറക്ടറെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ഭാഗ്യക്കുറി വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ ; ഇതുവരെ ഇക്കാര്യത്തിൽ എടുത്ത നടപടി എന്താണെന്ന് വിശദമാക്കാമോ ;

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കെ ഫയൽ ഡി. പി. സി. യോഗം ചേർന്ന് ഈ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(ജി) അവസാനമായി വകുപ്പിലെ പ്രൊമോഷനുകൾക്കുവേണ്ടി ഡി. പി. സി. യോഗം ചേർന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(എച്ച്) വകുപ്പിലെ പ്രമോഷനുകൾക്കായി ഇപ്പോൾ ഹയർ ഡി. പി. സി. യോഗം ചേരാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഐ) ഹയർ ഡി. പി. സി. യോഗം ചേരുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ജെ) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് പുറത്തിറക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-2-2001 മുതൽ ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

(ബി & സി) നിലവിലുള്ള നിയമ പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിൽ സീനിയർ ആയിട്ടുള്ള ഉദ്യോഗസ്ഥനെയാണ് ഡയറക്ടർ തസ്തികയിലേക്ക് പരിഗണിക്കുന്നത്. അന്നത്തെ ജോയിന്റ് ഡയറക്ടർ വ്യാജജാതി സർട്ടിഫിക്കറ്റ് പ്രകാരം ജോലി സമ്പാദിച്ചുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ അന്വേഷണം നടന്നു വന്നിരുന്നതിനാൽ ടിയാൻ സർവ്വീസിൽ നിന്നും പിരിയും വരെ ഡയറക്ടറായി പ്രൊമോഷൻ നൽകാൻ സാധിച്ചിരുന്നില്ല. അദ്ദേഹത്തിന് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല നൽകിയിരുന്നു. അതിനുശേഷം പ്രൊമോഷൻ നൽകിയ ജോയിന്റ് ഡയറക്ടർക്ക് നിയമ പ്രകാരമുള്ള യോഗ്യത ഇല്ലാത്തതിനാൽ, ഡയറക്ടറുടെ തസ്തികയിൽ എത്രയും പെട്ടെന്ന് നിയമനം നൽകേണ്ട ആവശ്യം കണക്കിലെടുത്ത്, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രൊമോഷൻ നൽകണമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള വിവിധ നടപടിക്രമങ്ങൾ 1991 മുതൽ ആരംഭിച്ചിട്ടുണ്ട്. സമീപകാലത്ത് നടപടി ക്രമങ്ങളുടെ ഭാഗമായി സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ എടുത്ത തീരുമാനങ്ങളും കൂടി ഉൾപ്പെടുത്തി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അഭിപ്രായ പ്രകാരം നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വേവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) അവസാനമായി 18-8-2001-ൽ ഡി. പി. സി. ലോവർ വിളിച്ചു കൂട്ടിയിരുന്നു. വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലനിൽക്കെ. പേ-റിവിഷൻ റൂളിനെ അടിസ്ഥാനപ്പെടുത്തി ജില്ലാ ഭാഗ്യക്കുറി ആഫീസർ തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തുകയും അതിനുതാഴെ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ആഫീസർ തസ്തിക സൃഷ്ടിക്കുകയും ചെയ്തപ്പോൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക വകുപ്പിലെ രണ്ടാമത്തെ ഗസറ്റഡ് തസ്തിക ആയി മാറി. ഇതിനുള്ള സെലക്ട് ലിസ്റ്റ് അംഗീകരിക്കേണ്ടത് ഡി. പി. സി. ഹയർ ആയതിനാൽ 18-8-2001-ൽ കൂടിയ ഡി. പി. സി. (ലോവർ) മീറ്റിംഗിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് അംഗീകരിച്ചില്ല.

(എച്ച്) വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ആദ്യത്തെ ഗസ്റ്റ് തസ്തിക ജില്ലാ ഭാഗ്യക്കുറി ഓഫീസർ ആയിരുന്നു. 19-9-1985-ലെ ജി. ഒ. (പി. 515/85/ഫിൻ. ഉത്തരവ് പ്രകാരം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക ഉയർത്തുകയും 21-8-1987-ലെ ജി. ഒ. (എം. എസ്.) 8/87/റ്റി. ഡി. ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക സൃഷ്ടിക്കുകയും ചെയ്തപ്പോൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക വകുപ്പിലെ രണ്ടാമത്തെ ഗസറ്റഡ് തസ്തികയായി മാറി. എന്നാൽ 2000 വരെ ഡി. പി. സി. (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റ് പ്രകാരമാണ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിരുന്നത്. ഈ കാലയളവിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരായി സ്ഥാനകയറ്റം ലഭിച്ചവരുടെ ലിസ്റ്റ് ഡി. പി. സി. (ഹയർ) അംഗീകരിച്ച് അവരുടെ ആ തസ്തികയിലെ പ്രൊമോഷൻ ക്രമീകരിക്കണമെന്നുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കേണ്ടത്. ഇവരുടെ താഴെ തസ്തികയിലെ സ്ഥാനക്കയറ്റങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.

(ഐ) സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയാൽ ഉടൻ തന്നെ ഡി. പി. സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ജെ) സ്വീകരിച്ചു വരുന്നു.

ക്ഷേമനിധി ബോർഡുകളിൽ ആഡിറ്റ് സംവിധാനം ശക്തമാക്കാൻ നടപടി

31 (1084) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള ആഡിറ്റ് സംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കാര്യക്ഷമമായ ആഡിറ്റ് നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ഇപ്പോൾ എത്ര സ്ഥാപനങ്ങളുടെ ആഡിറ്റ് നടത്തുന്നുണ്ട് ;

(ഡി) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ആഡിറ്റ് പൂർണ്ണമായും ലോക്കൽഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് നടത്തിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly